# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3518 15-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.കെ. മുരളീധരൻ
ശ്രീ.ഐ.സി. ബാലകൃഷ്ണൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള തന്ത്രങ്ങൾ**

| | | |
|---|---|---|
| (എ) | വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പാലിച്ചും ധനമാനേജ്മെന്റ് നടത്തുക എന്ന സർക്കാർ നയത്തിന് അനുസൃതമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ |

| | | |
|---|---|---|
| | | നിന്നും വ്യതിചലിക്കാതെയുമുള്ള ധനമാനേജുമെന്റാണ് സർക്കാർ അനുവർത്തിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത നയം നടപ്പിലാക്കിയത് മൂലം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ സാമ്പത്തിക രംഗത്ത് വളർച്ച ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | സർക്കാർ നടപ്പിലാക്കിയ ക്രിയാത്മകവും പ്രത്യുല്പാദനപരവുമായ നടപടികളുടെ ഫലമായി 2016-17 കേരള സമ്പദ്ഘടനയ്ക്ക് 7.41% വളർച്ച കൈവരിക്കുവാൻ സാധിച്ചു. ഇത് ദേശീയ ശരാശരിയ്ക്ക് മുകളിലാണ്. കൂടാതെ സർവ്വീസ് മേഖല, പ്രതിശീർഷ വരുമാനം, ആഭ്യന്തര നിക്ഷേപമടക്കമുള്ള സാമ്പത്തിക സൂചകങ്ങളിൽ ദേശീയ തലത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുവാനും കഴിഞ്ഞു. |
| (സി) | സംസ്ഥാനം നേരിടുന്ന ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള തന്ത്രങ്ങൾ എന്തൊക്കെയാണ് ; നിലവിലുള്ള സാഹചര്യത്തിൽ അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ ? | മാസാദ്യം ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര നികുതി വിഹിതം മാസത്തിന്റെ മദ്ധ്യത്തിലേയ്ക്ക് മാറ്റിയതും ജി.എസ്.ടി. നിയമപ്രകാരമുള്ള ദ്വൈമാസ നഷ്ടപരിഹാര ത്തുക യഥാസമയം നൽകാത്തതും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നടക്കാത്തതിനാലുമെല്ലാമുണ്ടായ ലിക്വിഡിറ്റി ക്രൈസിസ് ബഹുമുഖ തന്ത്രങ്ങൾ വഴി മറികടക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.<br>i) ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഇൻസ്ട്രമെന്റുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.<br>ii) അനാവശ്യമായ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നു.<br>iii) കർശനമായ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ചെലവുകൾക്ക് വരവിന്റെ അടിസ്ഥാനത്തിലുള്ള സമയ ക്രമീകരണം നടത്തുന്നു.<br>iv) അനുവദനീയമായ വായ്പ ലിക്വിഡിറ്റി മാനേജ് ചെയ്യാൻ കഴിയുംവിധത്തിൽ ക്രമപ്പെടുത്തി വിനിയോഗിക്കുന്നു.<br>v) കേന്ദ്രനയത്തിൽ മാറ്റം വരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നു. |

അക്കൗണ്ട്സ് ഓഫീസർ